**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 421** **02-11-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ നീന്തൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി ദെലീമ,<br>ഡോ സുജിത് വിജയൻപിള്ള | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യവും ഏകാഗ്രത, ആത്മവിശ്വാസം എന്നിവയും മെച്ചപ്പെടുത്തുന്നതിന് ശാസ്ത്രീയമായ രീതിയിൽ സ്കൂളുകളിൽ നീന്തൽ പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ; | (എ) | 8-ാം ക്ലാസ് മുതൽ കോളേജ് തലം വരെയുള്ള മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് ഉന്നതപരിശീലനം നൽകുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ സ്പോർട്സ് അക്കാദമികൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ ആറ് അക്കാദമികളിൽ നീന്തൽ പരിശീലനം നൽകുന്നുണ്ട്. 1) ജില്ലാ സ്പോർട്സ് അക്കാദമി-പിരപ്പൻകോട്. 2) ജില്ലാ സ്പോർട്സ് അക്കാദമി-നന്ദിയോട് 3) ജില്ലാ സ്പോർട്സ് അക്കാദമി-തൃശ്ശൂർ 4) കേരള വർമ്മ കോളേജ്-തൃശ്ശൂർ 5) സെൻറ്. മേരീസ് കോളേജ്-തൃശ്ശൂർ 6) എം.എ.കോളേജ്-കോതമംഗലം എന്നീ അക്കാദമികളിലാണ് നീന്തൽ പരിശീലനം നൽകുന്നത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ പിരപ്പൻകോട്, നന്ദിയോട്, തൃശ്ശൂർ, ആലപ്പുഴ, കണ്ണൂർ, എന്നിവിടങ്ങളിൽ സ്വിമ്മിങ്ങ് പൂളുകളുണ്ട്. ഈ നീന്തൽക്കുളങ്ങളിൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലിക്കാൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൗൺസിലിലെ വിദഗ്ദരായ പരിശീലകരെ പരിശീലനത്തിന് നിയോഗിച്ചിട്ടുണ്ട്. അപകടങ്ങൾ ഒഴിവാക്കുന്നതിനും, വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും, ലൈഫ് ഗാർഡുകളെയും നിയോഗിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകാൻ കായികയുവജനകാര്യാലയം മുഖേന നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സ്പ്ലാഷ്. കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിൽ പദ്ധതി നടപ്പാക്കിവരുന്നു. കുട്ടികളെ നീന്തൽ പഠനത്തിലേക്ക് ആകർഷിക്കുക എന്ന |

| | | | |
|---|---|---|---|
| | | | ലക്ഷ്യത്തോടെ, നീന്തൽ പ്രാവീണ്യമുള്ള കുട്ടികൾക്ക് പ്ലസ് വൺ പ്രവേശനത്തിന് ബോണസ് പോയിന്റ് നൽകിവരുന്നുണ്ട്. കുട്ടികളുടെ നീന്തൽ പ്രാവീണ്യം പരിശോധിച്ച് ജില്ലാ സ്പോർട്സ് കൗൺസിലുകളാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. (അനുബന്ധം-I) ഈ സംവിധാനം കുറ്റമറ്റതാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൂടുതൽ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകാനും അതിനുള്ള പരിശീലകരെ ഒരുക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പഞ്ചായത്ത് തല സ്പോർട്സ് കൗൺസിലുകൾ നിലവിൽ വരുന്നതോടെ പ്രാദേശികതലത്തിൽ നീന്തൽ പരിശീലന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയും. ഇതോടൊപ്പം, നീന്തൽ അറിഞ്ഞിരിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും ഇടയിൽ ബോധവൽക്കരണത്തിന് പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും. കിഫ്ബി ധനസഹായത്തോടെ തദ്ദേശ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പാക്കുന്ന അടിസ്ഥാന കായിക സൗകര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 13 സ്വിമ്മിങ്ങ്പൂളുകൾ ഒരുക്കുന്നുണ്ട്. പറളി സ്കൂൾ, ചിറ്റൂർ ഗവ. കോളേജ്, നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം എന്നിവിടങ്ങളിൽ സ്വിമ്മിങ്ങ്പൂൾ നിർമ്മാണം പൂർത്തിയായി. (നിർമ്മാണം പൂർത്തിയായതും നിർമ്മാണം തുടരുന്നതുമായ സ്വിമ്മിംഗ് പൂളുകളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു.) കായികവകുപ്പിന്റെ തനത്ഫണ്ടുപയോഗിച്ചും സ്വിമ്മിങ്ങ്പൂളുകൾ നിർമ്മിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിലെ തുപ്പങ്ങോട്ടൂരിൽ അന്താരാഷ്ട്ര സ്വിമ്മിങ്ങ്പൂൾ നിർമ്മാണം ഉടൻ തുടങ്ങും. |
| (ബി) | മുങ്ങിമരണങ്ങൾ സംഭവിക്കാതിരിക്കാനുള്ള മുൻകരുതലായി സ്കൂൾ തലത്തിൽതന്നെ നീന്തൽ പഠിക്കേണ്ടതിന്റെ അവബോധം കുട്ടികളിൽ സൃഷ്ടിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; | (ബി) | 8-ാം ക്ലാസ് മുതൽ കോളേജ് തലം വരെയുള്ള മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് ഉന്നതപരിശീലനം നൽകുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ സ്പോർട്സ് അക്കാദമികൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ ആറ് അക്കാദമികളിൽ നീന്തൽ പരിശീലനം നൽകുന്നുണ്ട്. 1) ജില്ലാ സ്പോർട്സ് അക്കാദമി-പിരപ്പൻകോട്. 2) ജില്ലാ സ്പോർട്സ് അക്കാദമി-നന്ദിയോട് 3) ജില്ലാ സ്പോർട്സ് അക്കാദമി-തൃശ്ശൂർ 4) കേരള വർമ്മ കോളേജ്-തൃശ്ശൂർ 5) സെൻറ്. മേരീസ് കോളേജ്-തൃശ്ശൂർ 6) എം.എ.കോളേജ്-കോതമംഗലം എന്നീ അക്കാദമികളിലാണ് നീന്തൽ പരിശീലനം നൽകുന്നത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ പിരപ്പൻകോട്, |

നന്ദിയോട്, തൃശ്ശൂർ, ആലപ്പുഴ, കണ്ണൂർ, എന്നിവിടങ്ങളിൽ സ്വിമ്മിങ്ങ് പൂളുകളുണ്ട്. ഈ നീന്തൽക്കുളങ്ങളിൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലിക്കാൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൗൺസിലിലെ വിദഗ്ദരായ പരിശീലകരെ പരിശീലനത്തിന് നിയോഗിച്ചിട്ടുണ്ട്. അപകടങ്ങൾ ഒഴിവാക്കുന്നതിനും, വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും, ലൈഫ് ഗാർഡുകളെയും നിയോഗിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകാൻ കായികയുവജനകാര്യാലയം മുഖേന നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സ്പ്ലാഷ്. കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിൽ പദ്ധതി നടപ്പാക്കിവരുന്നു. കുട്ടികളെ നീന്തൽ പഠനത്തിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ, നീന്തൽ പ്രാവീണ്യമുള്ള കുട്ടികൾക്ക് പ്ലസ് വൺ പ്രവേശനത്തിന് ബോണസ് പോയിന്റ് നൽകിവരുന്നുണ്ട്. കുട്ടികളുടെ നീന്തൽ പ്രാവീണ്യം പരിശോധിച്ച് ജില്ലാ സ്പോർട്സ് കൗൺസിലുകളാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. (അനുബന്ധം-I) ഈ സംവിധാനം കുറ്റമറ്റതാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൂടുതൽ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകാനും അതിനുള്ള പരിശീലകരെ ഒരുക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പഞ്ചായത്ത് തല സ്പോർട്സ് കൗൺസിലുകൾ നിലവിൽ വരുന്നതോടെ പ്രാദേശികതലത്തിൽ നീന്തൽ പരിശീലന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയും. ഇതോടൊപ്പം, നീന്തൽ അറിഞ്ഞിരിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും ഇടയിൽ ബോധവൽക്കരണത്തിന് പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും. കിഫ്ബി ധനസഹായത്തോടെ തദ്ദേശ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പാക്കുന്ന അടിസ്ഥാന കായിക സൗകര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 13 സ്വിമ്മിങ്ങ്പൂളുകൾ ഒരുക്കുന്നുണ്ട്. പറളി സ്കൂൾ, ചിറ്റൂർ ഗവ. കോളേജ്, നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം എന്നിവിടങ്ങളിൽ സ്വിമ്മിങ്ങ്പൂൾ നിർമ്മാണം പൂർത്തിയായി. (നിർമ്മാണം പൂർത്തിയായതും നിർമ്മാണം തുടരുന്നതുമായ സ്വിമ്മിംഗ് പൂളുകളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു.) കായികവകുപ്പിന്റെ തനത്ഫണ്ടുപയോഗിച്ചും സ്വിമ്മിങ്ങ്പൂളുകൾ നിർമ്മിക്കുന്നുണ്ട്. കണ്ണൂർ

| | | | |
|---|---|---|---|
| | | | ജില്ലയിലെ തൂപ്പങ്ങോട്ടൂരിൽ അന്താരാഷ്ട്ര സ്വിമ്മിങ്ങ്പൂൾ നിർമ്മാണം ഉടൻ തുടങ്ങും. |
| (സി) | സ്കൂൾ തലത്തിലുള്ള നീന്തൽ പരിശീലനംവഴി വിദ്യാർത്ഥികളെ കായികരംഗത്തേക്കും ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുമെന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | 8-ാം ക്ലാസ് മുതൽ കോളേജ് തലം വരെയുള്ള മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് ഉന്നതപരിശീലനം നൽകുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ സ്പോർട്സ് അക്കാദമികൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ ആറ് അക്കാദമികളിൽ നീന്തൽ പരിശീലനം നൽകുന്നുണ്ട്. 1) ജില്ലാ സ്പോർട്സ് അക്കാദമി-പിരപ്പൻകോട്. 2) ജില്ലാ സ്പോർട്സ് അക്കാദമി-നന്ദിയോട് 3) ജില്ലാ സ്പോർട്സ് അക്കാദമി-തൃശ്ശൂർ 4) കേരള വർമ്മ കോളേജ്-തൃശ്ശൂർ 5) സെൻറ്. മേരീസ് കോളേജ്-തൃശ്ശൂർ 6) എം.എ.കോളേജ്-കോതമംഗലം എന്നീ അക്കാദമികളിലാണ് നീന്തൽ പരിശീലനം നൽകുന്നത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ പിരപ്പൻകോട്, നന്ദിയോട്, തൃശ്ശൂർ, ആലപ്പുഴ, കണ്ണൂർ, എന്നിവിടങ്ങളിൽ സ്വിമ്മിങ്ങ് പൂളുകളുണ്ട്. ഈ നീന്തൽക്കുളങ്ങളിൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലിക്കാൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൗൺസിലിലെ വിദഗ്ദരായ പരിശീലകരെ പരിശീലനത്തിന് നിയോഗിച്ചിട്ടുണ്ട്. അപകടങ്ങൾ ഒഴിവാക്കുന്നതിനും, വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും, ലൈഫ് ഗാർഡുകളെയും നിയോഗിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകാൻ കായികയുവജനകാര്യാലയം മുഖേന നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സ്പ്ലാഷ്. കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിൽ പദ്ധതി നടപ്പാക്കിവരുന്നു. കുട്ടികളെ നീന്തൽ പഠനത്തിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ, നീന്തൽ പ്രാവീണ്യമുള്ള കുട്ടികൾക്ക് പ്ലസ് വൺ പ്രവേശനത്തിന് ബോണസ് പോയിന്റ് നൽകിവരുന്നുണ്ട്. കുട്ടികളുടെ നീന്തൽ പ്രാവീണ്യം പരിശോധിച്ച് ജില്ലാ സ്പോർട്സ് കൗൺസിലുകളാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. (അനുബന്ധം-I) ഈ സംവിധാനം കുറ്റമറ്റതാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൂടുതൽ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകാനും അതിനുള്ള പരിശീലകരെ ഒരുക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പഞ്ചായത്ത് തല സ്പോർട്സ് കൗൺസിലുകൾ നിലവിൽ വരുന്നതോടെ പ്രാദേശികതലത്തിൽ നീന്തൽ പരിശീലന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയും. ഇതോടൊപ്പം, നീന്തൽ |

| | | | |
|---|---|---|---|
| | | | അറിഞ്ഞിരിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും ഇടയിൽ ബോധവൽക്കരണത്തിന് പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും. കിഫ്ബി ധനസഹായത്തോടെ തദ്ദേശ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പാക്കുന്ന അടിസ്ഥാന കായിക സൗകര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 13 സ്വിമ്മിങ്ങ്പൂളുകൾ ഒരുക്കുന്നുണ്ട്. പറളി സ്കൂൾ, ചിറ്റൂർ ഗവ. കോളേജ്, നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം എന്നിവിടങ്ങളിൽ സ്വിമ്മിങ്ങ്പൂൾ നിർമ്മാണം പൂർത്തിയായി. (നിർമ്മാണം പൂർത്തിയായതും നിർമ്മാണം തുടരുന്നതുമായ സ്വിമ്മിംഗ് പൂളുകളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു.) കായികവകുപ്പിന്റെ തനത്ഫണ്ടുപയോഗിച്ചും സ്വിമ്മിങ്ങ്പൂളുകൾ നിർമ്മിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിലെ തൂപ്പങ്ങോട്ടൂരിൽ അന്താരാഷ്ട്ര സ്വിമ്മിങ്ങ്പൂൾ നിർമ്മാണം ഉടൻ തുടങ്ങും. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-I

**10.ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷിക്കുന്ന രീതി**

ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചവർക്ക് അപേക്ഷിച്ച ജില്ലകളിലെല്ലാം ഒരേ സമയം അലോട്ട്മെൻറ് ലഭിച്ചാൽ അവർ ഏതെങ്കിലും ഒരു ജില്ലയിൽ മാത്രം പ്രവേശനം നേടേണ്ടതും അതോടെ മറ്റ് ജില്ലകളിലെ ഓപ്ഷനുകൾ തനിയെ റദ്ദാകുന്നതുമാണ്.പ്രവേശനം നേടിയ ജില്ലയിൽ ആവശ്യമെങ്കിൽ താൽക്കാലിക അഡ്മിഷനിൽ തുടർന്ന് കൊണ്ട് അതേ ജില്ലയിലെ മെച്ചപ്പെട്ട ഓപ്ഷനുകൾക്ക് വേണ്ടി കാത്തിരിക്കാം.എന്നാൽ ആദ്യം ഒരു ജില്ലയിൽ മാത്രം അലോട്ട്മെൻറ് ലഭിക്കുകയും, അതനുസരിച്ച് പ്രവേശനം നേടിയ ശേഷം തുടർന്നുള്ള അലോട്ട്മെൻറിൽ മറ്റൊരു ജില്ലയിൽ പുതുതായി അലോട്ട്മെൻറ് ലഭിച്ചാൽ പുതിയ അലോട്ട്മെൻറ് സ്വീകരിക്കാവുന്നതാണ്.തുടർന്ന പുതുതായി പ്രവേശനം നേടിയ ജില്ലയിലെ ഉയർന്ന ഓപ്ഷനുകളിലേയ്ക്ക് മാത്രമേ ഈ വിദ്യാർത്ഥിയ്ക്ക് മാറാൻ കഴിയൂ.ആദ്യ ജില്ലയിലെ ഓപ്ഷനുകൾ തനിയെ റദ്ദാകും.

11. ബോണസ് പോയിൻറിന് അർഹതയുള്ള വിഭാഗങ്ങൾ


| വിഭാഗം | ബോണസ് പോയിൻറ് |
|---|---|
| കൃത്യനിർവ്വഹണത്തിനിടയിൽ മരണമടഞ്ഞ ജവാൻ മാരുടെമക്കൾക്ക്(നിയമപരമായി അവർ ദത്തെടുത്ത മക്കൾക്കും ഈ ആനുകൂല്യത്തിനർഹതയുണ്ട്) | 5 |
| ജവാൻ മാരുടേയും എക്സ്-സർവ്വിസുകാരുടേയും (ആർമി / നേവി / എയർ-ഫോഴ്സ് മുതലായവ മാത്രം) മക്കൾക്ക് / നിയമപരമായി അവർ ദത്തെടുത്ത മക്കൾക്ക് | 3 |
| എൻ.സി.സി.(75 ശതമാനത്തിൽ കുറയാത്ത ഹാജർ കേഡറ്റിനുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം)/സ്കൗട്ട് ഗൈഡ്(രാഷ്ട്രപതി പുരസ്ക്കാർ /രാജ്യപുരസ്ക്കാർ നേടിയവർക്ക് മാത്രം)/നീന്തൽ അറിവ്(അപേക്ഷകൻ ജില്ലാ സ്പോർട്സ് കൗൺസിലിൻെറ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം) /സ്റ്റുഡൻറ് പോലിസ് കേഡറ്റുകൾ(GO(No) 214/2012/Home dated 04/08/2012 വിവക്ഷിച്ചമാതിരി.) | 2 |

| | |
|---|---|
| A ഗ്രേഡ് സർട്ടിഫിക്കറ്റുള്ള ലിറ്റിൽ കൈറ്റ്സ് അംഗം | 1 |
| അതേ സ്കൂളിലെ വിദ്യാർത്ഥി | 2 |
| അതേ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ | 2 |
| അതേ താലൂക്ക് | 1 |
| ഗവ:/എയിഡഡ് ഹയർ സെക്കണ്ടരി സ്കൂളുകളില്ലാത്ത ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് അതേ താലൂക്കിലെ മറ്റ് സ്കൂളുകളിൽ നൽകുന്ന ഗ്രേഡ് പോയിൻറ് | 2 |
| കേരള സംസ്ഥാന ബോർഡ് നടത്തുന്ന പൊതു പരീക്ഷയിൽ എസ്.എസ്.എൽ.സി (കേരള സിലബസ്) യോഗ്യത നേടുന്നവർ | 3 |

**കുറിപ്പ്:** മേൽ പരാമർശിച്ച രീതിയിൽ ബോണസ് പോയിൻറിന് അർഹതയുണ്ടെങ്കിലും കണക്കാക്കുമ്പോൾ ഒരു അപേക്ഷകന് നൽകുന്ന ബോണസ് പോയിൻറ് പരമാവധി 10 ആയി നിജപ്പെടുത്തുന്നതാണ്. അതായത് വിവിധ ഇനങ്ങളിലൂടെ ഒരു അപേക്ഷകൻ പത്തോ അതിലധികമോ ബോണസ് പോയിൻറ് അവകാശപ്പെട്ടുണ്ടെങ്കിലും ആയത് 10 ആയി നിജപ്പെടുത്തുന്നതാണ്.

12 <u>മൈനസ് പോയിൻറ്</u>

ആദ്യ തവണ തന്നെ യോഗ്യതാപരീക്ഷാ പാസാകാത്ത അപേക്ഷകരുടെ ആകെ ഗ്രേഡ് പോയിൻറിൽ നിന്നും ചാൻസൊന്നിന് ഒരു പോയിൻറ് എന്ന തരത്തിൽ കുറവ് ചെയ്യും.എന്നാൽ ആദ്യമായി എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ വർഷം തന്നെ സേ പരീക്ഷയെഴുതി വിജയിച്ച് അപേക്ഷ നൽകുന്ന വിദ്യാർത്ഥികൾക്ക് മൈനസ് പോയിൻറ് ബാധകമല്ല.



**S.O**

## അനുബന്ധം-II

## കിഫ്ബി പദ്ധതികളിൽ പൂർത്തിയായ സ്വിമ്മിംഗ് പൂളുകൾ

1) ചിറ്റൂർ ഗവ.കോളേജ് സ്പോർട്സ് കോംപ്ലക്സ്
2) നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം
3) പറളി സ്കൂൾ

## കിഫ്ബി പദ്ധതികളിൽ നിർമ്മാണം പുരോഗമിക്കുന്ന സ്വിമ്മിംഗ് പൂളുകൾ

1) മാനവേദൻ ജി.എച്ച്.എസ്.എസ് നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ്, മലപ്പുറം
2) തിരുവനന്തപുരം തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം, ഇടവ, വർക്കല
3) ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം
4) തൃശ്ശൂർ ഐ.എം.വിജയൻ ഇൻഡോർ സ്റ്റേഡിയം
5) വയനാട് സി.കെ.ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം
6) കാസറഗോഡ് തൃക്കരിപ്പൂർ എം.ആർ.സി.കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം
7) താനൂർ സ്റ്റേഡിയം
8) പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം
9) കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം
10) പൊന്നാനി നിളതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ്

S.O